പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1133 — 14.6.2012 ൽ മറുപടിയ്ക്ക്

**കൊട്ടാരക്കരയിലെ അഡീഷണൽ സബ് രജിസ്ട്രാർ ആഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.പി.അയിഷാ പോറ്റി : | ശ്രീ.അനൂപ് ജേക്കബ്ബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തീപിടുത്തത്തിൽ നശിച്ച കൊട്ടാരക്കരയിലെ അഡീഷണൽ സബ് രജിസ്ട്രാർ ആഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; <br><br> (ബി) പുതിയ കെട്ടിട നിർമ്മാണത്തിന് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ടോ ; | (എ) &(ബി) പൊതുമരാമത്ത് വകുപ്പിൽ നിന്നും, പരാമർശത്തിലുള്ള കെട്ടിട നിർമ്മാണം സംബന്ധിച്ച 43 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റും പ്ലാനും ലഭിക്കുകയുണ്ടായി. എന്നാൽ, ഭരണാനുമതിക്കായുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ, വിശദമായ എസ്റ്റിമേറ്റും പ്ലാനും തന്നെ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശമുള്ളതിനാൽ, വിശദമായ എസ്റ്റിമേറ്റും പ്ലാനും ലഭ്യമാക്കണമെന്ന്, പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭിച്ചിട്ടില്ല. |
| (സി) പ്ലാനും, എസ്റ്റിമേറ്റും ലഭ്യമാക്കിയാൽ നിർമ്മാണത്തിനാവശ്യമായ തുക രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) പൊതുമരാമത്ത് വകുപ്പിന്റെ കണക്കു ശീർഷകത്തിൽനിന്നാണ്,സബ് രജിസ്ട്രാറാഫീസ് കെട്ടിട നിർമ്മാണങ്ങൾക്കുള്ള ഫണ്ട് കണ്ടെത്തേണ്ടത്. |

സെക്ഷൻ ഓഫീസർ